E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (1) 24407/12

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 18.12.2013

# സർക്കുലർ നമ്പർ 80/13

വിഷയം: സഹകരണവകുപ്പ് - സഹകരണ വകുപ്പിന്റെ ആസ്ഥാന ആഫീസിനും അനുബന്ധ ആഫീസുകൾക്കുമായി ആഫീസ് സമുച്ചയ നിർമ്മാണം - സംഭാവന നൽകുവാൻ സഹകരണ സംഘങ്ങളെ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1) കേരള സർക്കാരിന്റെ 19.12.2012 ലെ ജി.ഒ. (എം.എസ്.) 480/2012/ സഹ നമ്പർ ഉത്തരവ്.
2) സർക്കാരിന്റെ 25.06.2013 ലെ സ.ഉ. (സാധാ) നം.411/2013/സഹ നമ്പർ ഉത്തരവ്.
3) സർക്കാരിന്റെ 22.07.2013 ലെ സ.ഉ. (സാധാ) നം.479/2013/സഹ നമ്പർ കത്ത്.
4) സർക്കാരിന്റെ 06.06.2013 ലെ സ.ഉ. (സാധാ) നം. 364/2013/സഹ നമ്പർ ഉത്തരവ്.

........................

സൂചന (1) ലെ ഉത്തരവ് പ്രകാരം സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരവും അനുബന്ധ ആഫീസുകളും നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും 65 സെന്റ് സ്ഥലം അനുവദിക്കുകയും സൂചന (2) ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിയും നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരത്തോടൊപ്പം തന്നെ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ്, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്, കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് തുടങ്ങിയ ആഫീസുകളും നിർദ്ദിഷ്ട കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സഹകരണ മേഖലയ്ക്ക് തന്നെ അഭിമാനമാകുന്നതും സഹകരണ വകുപ്പിന്റെയും സഹകരണ മേഖലയുടേയും വളർച്ചയ്ക്ക് പ്രസ്തുത ഉതകുന്നതുമായ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന തുക ഈ മേഖലയിൽ നിന്നും സംഭാവനകൾ മുഖേന കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും മന്ദിര നിർമ്മാണത്തിനുള്ള തുക കണ്ടെത്തുവാൻ സംഭാവന സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകിക്കൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ ആവശ്യത്തിലേയ്ക്കായി സംഭാവന നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഭാവനകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി.) എന്നിവരുടെ

പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ തിരുവനന്തപുരത്ത് മാറാവുന്ന ചെക്കായോ, ഡ്രാഫ്റ്റായോ നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.**
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1) സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2) രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി. (ഉപരിപത്രം സഹിതം).
3) പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സഹകരണ സംഘങ്ങൾക്കും.
4) പ്രസിഡന്റ് / ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5) പ്രസിഡന്റ് / ജനറൽ മാനേജർ, ഇതര സെൻട്രൽ / ഫെഡറൽ സഹകരണ സംഘങ്ങളും.
6) പ്രസിഡന്റ് / സെക്രട്ടറി, എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും.
7) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
8) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
9) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
10) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11) എഡിറ്റർ, സഹകരണ വീഥി / സഹകരണ ജേർണൽ.
12) വെബ്സൈറ്റ്.
13) രജിസ്ട്രാറുടെ മേശപ്പുറത്ത്.
14) സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ.